**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5261** **14-03-2023 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ ബോർഡ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും റിട്ടയർ ചെയ്തവരുടെ ആനുകൂല്യങ്ങൾ മുഴുവൻ നൽകിയിട്ടില്ലായെങ്കിൽ ഏത് കാലയളവ് മുതൽ റിട്ടയർ ചെയ്തവരുടെ ആനുകൂല്യങ്ങളാണ് നൽകാനുള്ളതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും 2015 മുതൽ റിട്ടയർ ചെയ്ത ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ ആനുകൂല്യവും 2019 മുതൽ വിരമിച്ചവർക്ക് ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ മുതലായ ആനുകൂല്യങ്ങളും നൽകുവാനുണ്ട്. |
| (ബി) | ഭവന നിർമ്മാണ ബോർഡിന്റെ സ്ഥലങ്ങൾ ഏറ്റെടുത്ത ഇനത്തിൽ സർക്കാർ പ്രസ്തുത ബോർഡിന് തുക നൽകാനുണ്ടോ; എങ്കിൽ എത്ര തുകയാണ് നൽകാനുള്ളതെന്നും തുക അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണമെന്തെന്നും വ്യക്തമാക്കുമോ? | (ബി) | ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുണ്ടായിരുന്ന ഭൂമി ഏറ്റെടുത്ത വകയിൽ ബോർഡിന് നല്കാനുള്ള തുക സംബന്ധിച്ച കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ